**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** | **13-10-2021 - ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനമേഖലയിലെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളുടെ പട്ടികയിൽ നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വനപ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചതെന്നും വെളിപ്പെടുത്തുമോ; | (എ) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ, ഒലവക്കോട് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ച വനപ്രദേ-ശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെ ചെറുക്കുന്നതിന് വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | ആദിവാസി കോളനികളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം അനുഭവപ്പെടുന്നതിനാൽ, വനം വകുപ്പും ആദിവാസി സമൂഹവും തമ്മിൽ നല്ലൊരു ബന്ധം കെട്ടിപ്പടുക്കുന്നതിന് ആദിവാസി ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ സഹായസഹകരണത്തോടെ നടപ്പാക്കി വരുന്നുണ്ട്. ഓരോ ആദിവാസി ഊരിലും ഊരുമിത്ര പദ്ധതിയിൽ ഒരു വനം ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം പ്രസ്തുത ഊരിലെ ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന രേഖകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സഹായം ചെയ്തുവരുന്നുണ്ട്. ആദിവാസി ഊരുകളിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ച് അവരെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുകയും ചെയ്യുന്നുണ്ട്. ആദിവാസി യുവാക്കളെ ദിവസവേതനാടിസ്ഥാനത്തിൽ ഫോറസ്റ്റ് വാച്ചർമാരായി നിയോഗിച്ചിട്ടുണ്ട്. ആദിവാസി യുവാക്കളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയാൽ ഉടനടി മേലധികാരികളെയും പോലീസിനെയും അറിയിക്കുകയും പോലീസ് വകുപ്പിന്റെ സേവനം ലഭ്യമാക്കി വരുകയും ചെയ്യുന്നുണ്ട്. മാവോയിസ്റ്റ് സാന്നിധ്യം ഉള്ള മേഖലയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് മതിയായ വാഹന സൗകര്യങ്ങളും ആയുധങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വയർലസ് സംവിധാനം ശക്തിപ്പെടുത്തുകയും വനഭാഗങ്ങളിൽ സംരക്ഷണ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം വനമേഖലയിലെ ആദിവാസി കോളനികളിൽ വന സംരക്ഷണ സമിതികൾ മുഖേന പ്രത്യേക വികസന പാക്കേജ് നടപ്പാക്കാൻ വനം വകുപ്പിന് സാധിക്കുമോ; മാവോയിസ്റ്റ് സാന്നിദ്ധ്യം പ്രതിരോധിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഇത്തരം വനമേഖലയിലെ ആദിവാസി കോളനികളിൽ വനസംരക്ഷണ സമിതികൾ രൂപീകരിക്കുകയും പ്രസ്തുത സമിതികളിൽ ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ പ്രകാരം ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മാവോയിസ്റ്റ് സാന്നിധ്യം പ്രതിരോധിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് വനം വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | നിലമ്പൂർ നോർത്ത്, സൗത്ത് വനം ഡിവിഷനുകൾക്ക് കീഴിൽ സുരക്ഷാ ഭീഷണിയുള്ള വനം വകുപ്പ് ജീവനക്കാർക്ക് പോലീസ് സേനയിലെ പോലെ പ്രത്യേക സംരക്ഷണ പാക്കേജ് പരിഗണിക്കുന്നതിന് സന്നദ്ധമാകുമോ എന്ന് അറിയിക്കുമോ; | (ഡി) | തൽക്കാലം പരിഗണനയിലില്ല |
| (ഇ) | ഇത്തരം മേഖലകൾ പ്രത്യേകമായി പരിഗണിച്ച് താൽക്കാലിക വാച്ചർമാർക്ക് ഓരോ മാസവും ഇരുപത് ദിവസത്തെ മസ്റ്റർ റോൾ എങ്കിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ നിർദ്ദേശം നൽകുമോ? | (ഇ) | വനം വകുപ്പിൽ ലഭ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ഫോറസ്റ്റ് സ്റ്റേഷൻ | പ്രദേശങ്ങൾ |
|---|---|---|---|---|
| 1. | നിലമ്പൂർ നോർത്ത് | നിലമ്പൂർ | കാഞ്ഞിരപ്പുഴ | ചെമ്പ്ര |
| | | | വാണിയമ്പുഴ | വാണിയമ്പുഴ,<br>കുമ്പളപ്പാറ<br>തരിപ്പപ്പൊടി |
| | | വഴിക്കടവ് | നെല്ലിക്കുത്ത് | പുഞ്ചക്കൊല്ലി, അളക്കൽ, മരുത,<br>കല്ലായിപ്പൊട്ടി |
| | | എടവണ്ണ | അകമ്പാടം | നായാടുംപൊയിൽ |
| 2. | നിലമ്പൂർ സൗത്ത് | കരുളായി | പടുക്ക | പൂളക്കപ്പാറ |
| | | കാളികാവ് | ചക്കിക്കുഴി | ടി.കെ.കോളനി |